# കേരളസർവകലാശാല

നം.പി.ആർ.182/2020 ഫോൺ: 2305738

## പത്രക്കുറിപ്പ്

### ടൈംടേബിൾ

2020 സെപ്റ്റംബറിൽ നടത്തുന്ന ഒന്നും രണ്ടും സെമസ്റ്റർ പോസ്റ്റ് ഗ്രാജ്വേറ്റ് ഇൻ ബയോമെഡിക്കൽ സയൻസ് (പി.ജി.ഡി.ബി.എസ്) പരീക്ഷയുടെ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്.

### പ്രാക്ടിക്കൽ

കേരളസർവകലാശാലയുടെ അഞ്ചാം സെമസ്റ്റർ ബി.ടെക്. കമ്പ്യൂട്ടർ സയൻസ് ആന്റ് എഞ്ചിനീയറിംഗ് ബ്രാഞ്ച് (2013 സ്കീം) ''ഒബ്ജക്റ്റ് ഓറിയന്റഡ് പ്രോഗ്രാമിംഗ് ലാബ്'', ''ആപ്ലിക്കേഷൻ സോഫ്റ്റ്വെയർ ഡെവലപ്പ്മെന്റ് ലാബ്'', എന്നീ വിഷയങ്ങളുടെ പ്രാക്ടിക്കൽ പരീക്ഷകൾ സെപ്റ്റംബർ 23 മുതൽ യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കാര്യവട്ടം (തിരുവനന്തപുരം ജില്ല), വലിയകൂനമ്പായിക്കുളത്തമ്മ കോളേജ് ഓഫ് എഞ്ചിനീയറിംഗ്, പാരിപ്പള്ളി (കൊല്ലം ജില്ല) എന്നീ സെന്ററുകളിൽ വച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### വാക്-ഇൻ-ഇന്റർവ്യൂ -പുതുക്കിയ തീയതി

സർവകലാശാലയുടെ പഠനവകുപ്പായ ഡിപ്പാർട്ട്മെന്റ് ഓഫ് ഫ്യൂച്ചേഴ്സ് സ്റ്റഡീസിൽ അദ്ധ്യാപകരെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് ജൂലൈ 15 ന് നിശ്ചയിച്ചിരുന്ന വാക്-ഇൻ-ഇന്റർവ്യൂ ട്രിപ്പിൾ ലോക്ഡൗൺ കാരണം മാറ്റിവെച്ചു. പ്രസ്തുത ഇന്റർവ്യൂ സെപ്റ്റംബർ 30 ന് രാവിലെ 8.30 ന് സർവകലാശാലയുടെ പാളയം കാമ്പസിൽ വച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾക്ക് സർവകലാശാല വെബ്സൈറ്റിലെ ജോബ് നോട്ടിഫിക്കേഷൻസ് ലിങ്ക് സന്ദർശിക്കുക.

### സി.എ.സി.ഇ.ഇ - വിവിധ കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിക്കുന്നു

തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രം നടത്തുന്ന പി.ജി ഡിപ്ലോമ ഇൻ കൗൺസിലിംഗ് സൈക്കോളജി കോഴ്സിന് അപേക്ഷ ക്ഷണിച്ചു. യോഗ്യത: കേരള സർവകലാശാല അംഗീകരിച്ച ബിരുദം, കോഴ്സ് കാലാവധി: ഒരു വർഷം, ക്ലാസ്: ശനി, ഞായർ ദിവസങ്ങളിൽ, കോഴ്സ്ഫീസ്: 16,500/-രൂപ. ഉയർന്ന പ്രായപരിധി ഇല്ല. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി സെപ്റ്റംബർ 30.

ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ കോഴ്സിന് അപേക്ഷ ക്ഷണിച്ചു. യോഗ്യത: പ്ലസ്ടു/പ്രീ-ഡിഗ്രി, കോഴ്സ് കാലാവധി: ആറ് മാസം, കോഴ്സ്ഫീസ്: 7000/-രൂപ (പരീക്ഷാ

ഫീസ് ഉൾപ്പെടെ). ഉയർന്ന പ്രായപരിധി ഇല്ല, ക്ലാസുകൾ കാര്യവട്ടം ക്യാമ്പസിൽ നടത്തുന്നതാണ്. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ഒക്ടോബർ 07.

www.keralauniversity.ac.in ൽ നിന്നും 28 –ാം നമ്പർ അപേക്ഷാ ഫോറം ഡൗൺലോഡ് ചെയ്ത് SBI ബാങ്കിൽ A/C.No.57002299878 ൽ 100 രൂപ അടച്ച രസീതും സർട്ടിഫിക്കറ്റുകളുടെ കോപ്പി സഹിതം ഡയറക്ടർ, സി.എ.സി.ഇ.ഇ, കേരള സർവകലാശാല പി.എം.ജി ജംഗ്ഷൻ, തിരുവനന്തപുരം 695033 വിവാസത്തിൽ അയയ്ക്കുക. അപേക്ഷ തപാലിൽ മാത്രമേ സ്വീകരിക്കുകയുള്ളൂ.

**പബ്ലിക്ക് റിലേഷൻസ് ഓഫീസർ**

**തിരുവനന്തപുരം**
22.09.2020